അദ്ദേഹത്തെയും ഇവിടെനിന്നും അങ്ങോട്ട് കൊണ്ടുപോയിട്ടുണ്ട്. പിന്നെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പേരിൽ അവർ കേസ് കൊടുത്തു. ശ്രീ. ആർ. ബാലകൃഷ്ണപിള്ള മുഴുവൻ കറന്റും വിറ്റു, അന്യസംസ്ഥാനത്തിന് ടൺ കണക്കിന് വിറ്റു, ട്രാൻസ്പോർട്ട് വിറ്റു, ബസ് വാങ്ങി, അഴിമതി നടത്തി എന്നാണ് ആക്ഷേപം. അദ്ദേഹത്തിനേയും കൊണ്ടുപോയിട്ടുണ്ട്. ഇന്നേവരെ യു.ഡി.എഫ്.-ലുള്ളവരെക്കുറിച്ച്, അതിൽ അഴിമതി ആരോപണത്തിന് വിധേയരായവരെയൊക്കെ അങ്ങോട്ട് കൊണ്ടുപോയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് എനിക്ക് വിനീതമായി പറയാനുള്ളത് എൽ.ഡി.എഫ്. ഇവരെക്കുറിച്ച് ഉന്നയിച്ച മുഴുവൻ അഴിമതി ആരോപണത്തെക്കുറിച്ചും അന്വേഷണം നടത്തണമെന്നാണ്. അതിനെക്കുറിച്ച് അന്വേഷണം നടത്തണം, അവർക്ക് വിവരം നൽകണം, എൽ.ഡി.എഫ്. കാർക്ക് വിവരം നൽകണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ അവിശ്വാസപ്രമേയത്തെ ഞാൻ അതിശക്തമായി എതിർക്കുന്നു.

V വ്യക്തിപരമായ വിശദീകരണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഇന്നുരാവിലെ അവിശ്വാസപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. പി. മോഹനൻ സംസാരിക്കുമ്പോൾ എന്നെപ്പറ്റി ഞാൻ നിയമസഭയിൽ .....(ബഹളം)..... വ്യക്തിപരമായ ഒരു വിശദീകരണത്തിന് അവസരം തരണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിച്ചിരുന്നു. നിയമസഭയിൽ ഞാൻ അരുതാത്തതെന്തോ പറഞ്ഞു എന്നും അമ്മമാർക്ക് അപമാനമാണ് ഞാനെന്നുമൊക്കെ പറഞ്ഞ് വ്യക്തിപരമായി എനിക്ക് ആക്ഷേപമുണ്ടാക്കുന്ന പരാമർശങ്ങൾ ഇവിടെ നടത്തി. ....(ബഹളം).....

മി. സ്പീക്കർ: അനുവാദം കൊടുത്തു. എനിക്ക് എഴുതി തന്നിരുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ചില പ്രാസംഗികരുടെ ഭാഗത്തുനിന്നുമൊക്കെ അതിന്റെ പിന്നാലേയും അഭിപ്രായങ്ങൾ വന്നു. അതൊക്കെ നിഷേധിച്ചുകൊണ്ട് ഞാൻ വിനയപൂർവ്വം അറിയിക്കട്ടെ, ഞാൻ ഇവിടെ നിയമസഭയിൽ അമ്മമാർക്ക് അപമാനമുണ്ടാക്കാനല്ല, അമ്മമാരുടെ അഭിമാനം രക്ഷിക്കാനാണ് ശ്രമിച്ചത്. സഭയ്ക്കകത്തും പുറത്തും എന്നെ വ്യക്തിപരമായി ആക്ഷേപിക്കാൻ ചിലർ ഇറങ്ങിത്തിരിച്ചിരിക്കുന്നു. ഞാൻ പേപ്പർ കട്ടിംഗ്സ് ഒന്നും കാണിക്കുന്നില്ല. സഭയ്ക്കകത്ത് ഞാൻ പറഞ്ഞ കാര്യങ്ങൾ എന്തെന്നറിയാൻ ആർക്കും വിഷമവുമില്ല. ഒരു എം.എൽ.എ. എന്ന നിലയിൽ അങ്ങ് നൽകേണ്ട പരിരക്ഷ ഞാൻ അപേക്ഷിക്കുന്നു. ബാക്കി പേപ്പർ കട്ടിംഗ്സിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

ശ്രീ. ടി. കെ. ദേവകുമാർ: സർ, പേഴ്സണൽ എക്സ്പ്ലനേഷനുശേഷം സംസാരിക്കാൻ തുടങ്ങുന്നതുകൊണ്ട് വിദ്യാർത്ഥി പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തുകൊണ്ട് കേരള രാഷ്ട്രീയത്തിൽ വന്ന് മുഖ്യമന്ത്രിപദം അലങ്കരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആദ്യമായി ഒരഭ്യർത്ഥനയുണ്ട്. യാതൊരു സമരമുഖത്തും പങ്കെടുക്കാതെയും നേതാവിനു ***** ചെയ്തും എം.പി.യും എം.എൽ.എ. സ്ഥാനവുമൊക്കെ കരസ്ഥമാക്കിയ ആളുകളുടെ ഭാഗത്തുനിന്നും

***** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പൊരുതുന്ന വിദ്യാർത്ഥി പ്രസ്ഥാനത്തേയും വിദ്യാർത്ഥി സമൂഹത്തേയും ആക്ഷേപിക്കാൻ എം.എൽ.എ. എന്ന പദവി ഉപയോഗിച്ചുകൊണ്ട്, അതിന്റെ സംരക്ഷണം ഉപയോഗിച്ചുകൊണ്ട് ആക്ഷേപിക്കാൻ നടത്തിയ പരാമർശം പിൻവലിക്കാനും കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തോട് മാപ്പു പറയാനും പ്രൊഫ. സാവിത്രി ലക്ഷ്മണനോട് അങ്ങ് ഉപദേശിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മാപ്പു പറയാൻ തയ്യാറാകുന്നില്ലെങ്കിൽ ലോകം കാണുന്ന ഈ വേദിയെ സാക്ഷി നിർത്തി ഞാൻ പറയുന്നു, കേരളത്തിലെ പൊരുതുന്ന വിദ്യാർത്ഥിസമൂഹത്തിന്റെ മുമ്പിൽ പ്രൊഫ. സാവിത്രി ലക്ഷ്മണൻ മറുപടി പറയേണ്ടിവരും. അക്കാര്യത്തിൽ തർക്കമൊന്നുമില്ല. ഞാൻ ഈ പ്രമേയത്തിന്റെ ചർച്ചയിലേയ്ക്ക് കടക്കുകയാണ്..... .....(ബഹളം).....ഞാൻ അനാവശ്യമായി ഒന്നും പറഞ്ഞിട്ടില്ല, ഒരു അഭ്യർത്ഥന മാത്രമേ നടത്തിയിട്ടുള്ളു. അത് വെല്ലുവിളിയാണെന്ന് തോന്നിയെങ്കിൽ ക്ഷമിക്കണം. ഞാൻ വളരെ സ്നേഹത്തോടുകൂടി മുഖ്യമന്ത്രയെ ഉപദേശിച്ചു. മുഖ്യമന്ത്രി വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതാവായി വന്ന ആളാണ്. നേതാവിന്റെ ****** ചെയ്തുമാത്രം പരിചയമുള്ളതുകൊണ്ട് അങ്ങ് ഉപദേശിക്കണമെന്ന് അഭ്യർത്ഥിച്ചു. ഇല്ലെങ്കിൽ അനുഭവിച്ച് ബോധ്യപ്പെട്ടുകൊള്ളും.....(ബഹളം).....

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, വീണ്ടും എന്നെ പേഴ്സണലായി ആക്ഷേപിക്കുകയാണ്.....(ബഹളം).....

മി. സ്പീക്കർ: എല്ലാവരും കൂടി ഇങ്ങനെ നിന്നാൽ പറ്റുമോ?.....(ബഹളം)..... ..... ഇവിടെ ശ്രീ. ടി. കെ.ദേവകുമാർ പറഞ്ഞ സംസാരത്തിൽ ഒരു വാക്ക്, ഞാനത് വീണ്ടും ആവർത്തിക്കുന്നില്ല, 'പാദസേവ' എന്ന വാക്ക് ഇതിൽ കാണില്ല..... .....(ബഹളം)..... സത്യങ്ങൾ പലതുമുണ്ടാകും. അതൊന്നും ഇവിടെ പറയാൻ കഴിയില്ല. പിന്നെ മെമ്പറോട് പറയാനുള്ളത് നിയമസഭയിൽ മൈതാനപ്രസംഗം മാതിരി കൊലവിളി നടത്താതിരിക്കുക. ആരായാലും.....(ബഹളം)..... എല്ലാവർക്കും ഇത് ബാധകമാണ്, അത് മൈതാനത്താകാം.

ശ്രീ. ടി. കെ. ദേവകുമാർ: ****** എന്നുള്ളത് അങ്ങ് ഒഴിവാക്കിയതുകൊണ്ട് സന്തോഷപൂർവ്വം ഞാനത് സ്വീകരിക്കുന്നു. പാദപൂജ എന്ന് ഞാൻ ഭേദഗതി ചെയ്യുന്നു. .....(ബഹളം)..... അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഞാൻ എന്റെ പ്രസംഗത്തിലേയ്ക്ക് കടക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.....(ബഹളം)..... ഇത് മുഖ്യമന്ത്രി എനിക്കുതന്ന മറുപടി കത്താണ്. 30-6-2005-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്കുതന്ന ഈ മറുപടി കത്തിൽ.....(ബഹളം).....അങ്ങയുടെ അറിവിലേയ്ക്കായി ഞാനിത് പറയുകയാണ്.....(ബഹളം).....

മി. സ്പീക്കർ: ഇവിടെ എല്ലാവരും ഒരുമിച്ചു എഴുന്നേറ്റു നിന്നിട്ട് കാര്യമില്ല. ഒരു കാര്യം പറയാം. ചെയറിനു നിയന്ത്രിക്കാൻ അറിയാം. ചെയർ റൂളിംഗ് നൽകി. പറഞ്ഞതു മനസ്സിലായോ? ചെയറിനെ ആദരിക്കാത്തവർ ജനങ്ങളുടെ മുമ്പിൽ അപഹാസ്യരാകും എന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. ടി. കെ. ദേവകുമാർ: ഇതു 30-6-2005-ൽ നൽകിയ ഒരു കത്താണ്. അതിവേഗം ബഹുദൂരം സഞ്ചരിക്കുന്ന അങ്ങയുടെ സർക്കാരിന്റെ കത്താണ്. ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനെ

***** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച താങ്കളുടെ കത്ത്. അനന്തര നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിക്കു അയച്ചു കൊടുത്തിരിക്കുന്നു. ഫെബ്രുവരി മാസം 6-ാം തീയതി പട്ടാളക്കാരുടെ ജംഗാർ പെരുപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യുമ്പോൾ, പഞ്ചായത്തു പ്രസിഡന്റും എം.പി.-യും ശ്രീ. കെ.സി. വേണുഗോപാലും ഞാനും കൂടി അങ്ങയെ ഏൽപ്പിച്ചതാണ്. സുനാമിബാധിത പ്രദേശത്തെ പദ്ധതിക്ക് മൂന്നു മാസം കാലാവധി ദീർഘിപ്പിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ട് അന്നു കൊടുത്ത മെമ്മോറാണ്ഡം, അങ്ങയുടെ മേൽനടപടി കിട്ടി 30-6-2005-ൽ, ശ്രീ. കെ.സി. വേണുഗോപാലിനു നിഷേധിക്കാൻ കഴിയില്ല. ആ പദ്ധതി നടത്തിയില്ല, അവർക്ക് പദ്ധതി തുടരാൻ കഴിഞ്ഞില്ല. 30-6-2005 വരെ നീട്ടിക്കൊടുക്കാൻ തന്ന അപേക്ഷയ്ക്ക്, 30-6-2005-ൽ വകുപ്പു സെക്രട്ടറി മറുപടി കൊടുത്തിരിക്കുന്നു എന്നു പറയുമ്പോൾ, ആദ്യമായി സുനാമി ബാധിതർക്കുവേണ്ടി സർക്കാരിൽ ഞാൻ അവിശ്വാസം രേഖപ്പെടുത്തുന്നു, അവിശ്വാസം രേഖപ്പെടുത്താതെ മുന്നോട്ടു പോകാൻ കഴിയില്ല. കഥയറിയാതെയാണ് ശ്രീ. കടവൂർ ശിവദാസൻ കഥാപ്രസംഗം നടത്തിയതെന്ന ധാരണ എനിക്കില്ല. സംസ്കൃതശ്ലോകം ചൊല്ലിയാൽ മാത്രം പ്രശ്നം തീരില്ലല്ലോ ശ്രീ. കടവൂരേ? എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് ഞാൻ ചോദിക്കട്ടെ, 2004 ജൂലൈ 19, ആ ദിവസം അങ്ങു മറന്നു കാണും, ഞാൻ മറക്കില്ല. ഇന്ന് ഒരു വർഷം തികയുന്നു. അങ്ങ് അന്ന് ആരോഗ്യവകുപ്പുമന്ത്രി. ഞാൻ ഇവിടെ എഴുതി തന്ന ആരോപണങ്ങൾ മുഴുവൻ അങ്ങ് അവിടെ എഴുന്നേറ്റുനിന്ന് നിഷേധിച്ചു. സമയക്കുറവുകൊണ്ട് ആ ആരോപണങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. എന്റെ ബഹുമാന്യനായ ടൂറിസം വകുപ്പുമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ അന്ന് ഒരു അസംബ്ളി കമ്മിറ്റിയുടെ ചെയർമാനായിരുന്നു. ആ അസംബ്ളി കമ്മിറ്റി ഈ ആരോപണങ്ങൾക്ക് അധിഷ്ഠിതമായ വിഷയങ്ങൾ പരിശോധിച്ചതിനുശേഷം ഒരു റിപ്പോർട്ട് കമ്മിറ്റിയിൽ വച്ചു. ഞാൻ ഈ വിഷയത്തിൽ നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. എന്നെ തടസ്സപ്പെടുത്തരുത്. ശ്രീ. കടവൂർ ശിവദാസനോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയട്ടെ, അങ്ങിവിടെ നിഷേധിച്ച എല്ലാ കാര്യങ്ങളും ശരിയല്ലായിരുന്നോ? ഹെപ്പറ്റൈറ്റീസ് വാക്സിൻ വാങ്ങിയത്, അഭയ റാബ് വാക്സിൻ വാങ്ങിയത്, സി.പി.സി. കൂടാതെ സാധനങ്ങൾ വാങ്ങിയത് അങ്ങനെ ഞാൻ എഴുതി തന്ന മുഴുവൻ ആരോപണങ്ങളും നിഷേധിച്ച അങ്ങ്, 'ആ അസംബ്ളി കമ്മിറ്റിയുടെ റിപ്പോർട്ട് വന്നപ്പോഴെങ്കിലും ഒരു സത്യം പറയണ്ടേ? ഞാൻ പറഞ്ഞത് സത്യമായിരുന്നു, അത് അങ്ങ് അംഗീകരിക്കുന്നു എന്ന്. അങ്ങ് പറഞ്ഞില്ലെന്നു മാത്രമല്ല അന്ന് അങ്ങ് എനിക്ക്, ആരോഗ്യവകുപ്പുമന്ത്രി എന്ന നിലയിൽ ഒരു ഉറപ്പും നൽകി. ആദിവാസികളുടെ കിഡ്നി പറിച്ചു വിറ്റ റാക്കറ്റിനെതിരെ കേരള സംസ്ഥാന സർക്കാർ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് കോടതിയിൽ ചാർജ്ജ് ചെയ്തിരുന്ന കേസ്സ് ഹൈക്കോടതി സ്റ്റേ ചെയ്തു. ഞാൻ അക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ അങ്ങു പറഞ്ഞു, ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഈ സ്റ്റേ നീക്കം ചെയ്യാൻ വേണ്ടതു ചെയ്യാമെന്ന്. ചെയ്തില്ല. അങ്ങ് സംസ്കൃതശ്ലോകം ചൊല്ലിയതുകൊണ്ടും വർത്തമാനം പറഞ്ഞതുകൊണ്ടും കാര്യം തീരുമോ? പാവപ്പെട്ട ആദിവാസികളുടെ കിഡ്നി പറിച്ചു വിറ്റ റാക്കറ്റുകളുടെ പേരിലുള്ള കേസ്സിന്റെ സ്റ്റേ നീക്കം ചെയ്യാൻ അങ്ങൊന്നും ചെയ്തില്ല. അങ്ങു പറഞ്ഞല്ലോ, എന്റെ പാർട്ടി തിരമാലകളുടെ മുകളിൽ കയറി നിന്നു അങ്ങനെ സന്തോഷിച്ചിരിക്കുമ്പോഴാണ് തലയും കുത്തി വീണതെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയുടെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയത് എന്താണെന്നറിയാമോ? തിരമാലകളുടെ മുകളിൽ മന്ത്രിയായി സുഖിച്ചിരിക്കുമ്പോഴാണ് അശനിപാതംപോലെ പാർലമെന്റ് തെരഞ്ഞെടുപ്പു വന്നത്. അങ്ങു തല കുത്തി തിരക്കുഴിയിലേക്കു വീണു. തിരക്കുഴിയിൽനിന്നും വെള്ളം കുടിച്ചു പൊന്തി വന്നപ്പോൾ എങ്ങനെയെങ്കിലും രക്ഷപ്പെടുമെന്ന് വിചാരിച്ചു നടത്തിയ ഒരു ഹരികഥയല്ലേ അങ്ങിവിടെ നടത്തിയ കഥാപ്രസംഗ കലാക്ഷേപം. രക്ഷപ്പെടുമെങ്കിൽ രക്ഷപ്പെട്ടോളൂ. പക്ഷേ വസ്തുതാപരമായി, ഒരു സീനിയർ മെമ്പർ എന്നുള്ള നിലയിൽ, പറയുന്ന കാര്യങ്ങൾ വിസ്മരിക്കാൻ അങ്ങേയ്ക്കു പറ്റുമോ? സംസ്കൃത ശ്ലോകം ചൊല്ലിക്കൊണ്ട് അഴിമതിക്കാരെ കരകയറ്റാനാണ് ഇവിടെ ശ്രമിച്ചത്. ഞങ്ങൾ തിരമാലകളിൽനിന്നും താഴോട്ടുപോയി എന്നാണ് പറഞ്ഞത്. പക്ഷേ അതിന്റെ നിജസ്ഥിതിയെന്താണ്? സത്യം പറയണ്ടേ? സഭയിൽ എഴുതിക്കൊടുത്ത ആരോപണമാണ്. മൂന്നു നാലു ആരോപണങ്ങൾ ഞാൻ എഴുതിക്കൊടുത്തിട്ടുണ്ട്. കൂടുതലൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം ടി. വി. കണ്ടുകൊണ്ടിരിക്കുന്ന ആളുകളുടെ ക്ഷമ പരിശോധിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എഴുതിക്കൊടുത്ത ആരോപണങ്ങളുടെ വിശദാംശങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ നിയമസഭയുടെ ചരിത്രത്തിൽ ഒരുപക്ഷേ അത്യപൂർവ്വമായ കാര്യമായിരിക്കാം ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഞാൻ ചെയ്തിരിക്കുന്നത്. ഒരു മന്ത്രിയുടെ പേരിൽ ഒരിക്കൽ എഴുതിക്കൊടുത്ത് ഉന്നയിച്ച കാര്യങ്ങൾ, രണ്ടാമതും ഈ സഭയിൽ എഴുതിക്കൊടുത്തുകൊണ്ട് സഭയുടെ മുമ്പിൽ ഉന്നയിക്കുന്നു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ പേരിൽ മാർച്ചുമാസം 15-ാം തീയതി ഞാൻ ഈ സഭയിൽ എഴുതിക്കൊടുത്തു ഉന്നയിച്ച ആരോപണം വീണ്ടും ഞാൻ ആരോപിക്കുകയാണ്. 16 കോടി രൂപയുടെ ആരോപണം ആവർത്തിച്ച് ഉന്നയിക്കാൻ എന്നെ പ്രേരിപ്പിച്ചത്, മാർച്ച്മാസം 15-ാം തീയതി ഞാൻ ഉന്നയിച്ച അഴിമതിയാരോപണത്തെ സംബന്ധിച്ച്, ഒരാളുടെ പേരും പറഞ്ഞിട്ട്, ഏതോ ഒരു ഹൈക്കോടതി വിധിയും ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട മന്ത്രി എന്റെ ആരോപണം നിഷേധിച്ചു. പിന്നീടു ഞാൻ അന്വേഷിച്ചപ്പോൾ അറിഞ്ഞത്, ഒരാളിന്റെ പരാതിയിൻമേൽ ഹൈക്കോടതി കൊടുത്ത ഒരു വിധി, ആ വിധി പിന്നീടു ഡിവിഷൻ ബഞ്ച് തള്ളിക്കളഞ്ഞു. ആ വിധിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എന്റെ ആരോപണം തള്ളിക്കളയാൻ ശ്രമിച്ചില്ലേ? സിവിൽ സപ്ലൈസിനെ സംബന്ധിച്ച് ആരോപണം സഭയിൽ കൊണ്ടുവരുന്നത് ആദ്യമായിട്ടല്ല. 2004-ൽ ശ്രീ. ജി. കാർത്തികേയൻ മന്ത്രിയായിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ വകുപ്പിലെ അഴിമതിയെ സംബന്ധിച്ച് ഞാൻ സഭയിൽ ആരോപണം ഉന്നയിച്ചു. എന്റെ ആരോപണം സഭയിൽ ശ്രീ. ജി. കാർത്തികേയൻ നിഷേധിച്ചു. സത്യസന്ധനാണ് ശ്രീ. ജി. കാർത്തികേയനെന്നു വിശ്വസിച്ചുകൊണ്ട്, ശ്രീ. ജി. കാർത്തികേയൻ പറഞ്ഞ കാര്യങ്ങൾ ഞാൻ മുഖവിലയ്ക്കെടുത്ത് അംഗീകരിച്ചു. അതിൻമേൽ തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. മാർച്ചുമാസം 15-ാം തീയതിക്കുശേഷം നിങ്ങളുടെ പിൻതലമുറക്കാരനായി വന്ന ശ്രീ. അടൂർ പ്രകാശ്, സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ 75 കോടി രൂപയുടെ അഴിമതിയാണ് ശ്രീ. ജി. കാർത്തികേയന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടത്തിയിരിക്കുന്നതെന്ന് പത്രസമ്മേളനം നടത്തി വ്യക്തമാക്കിയത് ഞാനും നിങ്ങളുമൊക്കെ കണ്ടതാണ്. ഈ സഭയിൽ മറുപടി പറയാൻ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകണം. ഒന്നുകിൽ മാപ്പെങ്കിലും പറയണം. തെറ്റിദ്ധാരണ കൊണ്ടാണ് ശ്രീ. ടി. കെ. ദേവകുമാറിന്റെ ആരോപണത്തെ ഞാൻ നിഷേധിച്ചതെന്ന് പറയാൻ ഇന്നും യു.ഡി.എഫ്.-ന്റെ ഭാഗമായിരിക്കുന്ന ശ്രീ. ജി. കാർത്തികേയൻ തയ്യാറാകണം. ശ്രീ. അടൂർ പ്രകാശ് പറഞ്ഞിരിക്കുന്ന ഈ ആരോപണം അടിസ്ഥാനരഹിതമാണെങ്കിൽ അത് സഭയോട് പറയാൻ തയ്യാറാകണം. ഒന്നുകിൽ എനിക്കു തെറ്റുപറ്റി, അല്ലെങ്കിൽ അടിസ്ഥാനരഹിതമാണെന്നു പറയാൻ അങ്ങു തയ്യാറാകണം. കോടികളുടെ അഴിമതിയല്ലേ നടത്തിയിരിക്കുന്നത്? ഈ ആരോപണം ഞാൻ ആവർത്തിക്കുന്നത് രേഖകളുടെ അടിസ്ഥാനത്തിലാണ്. 15-ാം തീയതി സഭയിൽ എന്റെ ആരോപണം നിഷേധിച്ചു. 18-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 3105-ാം നമ്പർ അൺസ്റ്റാർഡ് ക്വസ്റ്റ്യന് ഒരു മറുപടി തന്നു. ശ്രീ. ടി. എം. ജേക്കബ് തന്നിരിക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ഞാൻ ഇതിനെ ഫോളോ അപ്പ് ചെയ്തു. ചെയ്യണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി തന്നത്. ഫോളോ അപ്പ് ചെയ്തപ്പോൾ എന്താണ് സ്ഥിതി? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിംഗ് കോട്ടയത്തേയും തിരുവനന്തപുരത്തേയും ഗോഡൗണുകൾ റെയിഡു ചെയ്തു. റെയിഡു നടത്തി അവിടെ നിന്നും എടുത്ത സാമ്പിൾ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള റീജിയണൽ അനലറ്റിക്കൽ ലാബിൽ പരിശോധനയ്ക്ക് അയച്ചു. റീജിയണൽ അനലറ്റിക്കൽ ലാബിന്റെ റിസൽട്ടും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിംഗിന്റെ 3-3-2005-ലെ റിപ്പോർട്ടും അങ്ങയുടെ മേശപ്പുറത്തുണ്ട്. അത് ഈ സഭയുടെ മുമ്പിൽ വയ്ക്കാമോ? അതിനകത്ത് എന്താണ് പറഞ്ഞിരിക്കുന്നത്? ടി. കെ. ദേവകുമാർ പറഞ്ഞതു ശരിയാണെന്നാണ്. നിങ്ങൾക്ക് നിഷേധിക്കാനാകുമോ? സൗണ്ട് ഗ്രെയിൻസ് എത്ര ശതമാനമായിരുന്നു പറഞ്ഞിരുന്നത്. 92 ശതമാനം. സപ്ലൈ ചെയ്യുന്ന പയറിനകത്ത് 92 ശതമാനം സൗണ്ട് ഗ്രെയിൻസ് ഉണ്ടായിരിക്കണം എന്നുള്ളതായിരുന്നു ശ്രീ. ജി. കാർത്തികേയൻ മന്ത്രിയായിരുന്ന സമയത്തെ വ്യവസ്ഥ. ശ്രീ. അടൂർ പ്രകാശ് അതു മാറ്റി. 87 ശതമാനം എന്നാക്കി. തെറ്റാണെങ്കിൽ മാപ്പു ചോദിക്കാം. പൊതുവേദിയിൽനിന്ന് മാപ്പു ചോദിക്കാം. അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ടിൽ 87 ശതമാനം സൗണ്ട് ഗ്രെയിൻസ് വേണ്ടിടത്ത്, ഒരൊറ്റ സാമ്പിളിനകത്തും 30 ശതമാനം സൗണ്ട് ഗ്രെയിൻസ് തികച്ചില്ല. രാജി വയ്ക്കാമോ മന്ത്രിക്ക്? അതാണ് ആവർത്തിച്ചു ചോദിച്ചത്. അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിംഗിന്റെ റിപ്പോർട്ട് അങ്ങയുടെ മേശപ്പുറത്ത് ഇരിപ്പുണ്ട്. മന്ത്രി രാജി വയ്ക്കുമോ? വിജിലൻസ് ആന്റ് ആന്റി കറപ്ഷന്റെ റിപ്പോർട്ടും അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ടും ശരിയാണെങ്കിൽ ഞാൻ ഉന്നയിച്ചിരിക്കുന്ന ഈ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിയെ നിയമസഭയിൽനിന്നും മാറ്റുമോ? സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അഴിമതിയെക്കുറിച്ചാണ് ഞാൻ ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഞാൻ 16 കോടി രൂപയുടെ അഴിമതിയാണ് ഉന്നയിച്ചിരിക്കുന്നത്. അങ്ങയുടെ മറുപടിയും വിജിലൻസ് റിപ്പോർട്ടും വച്ച് എന്ത് തീരുമാനമെടുത്തുവെന്നുള്ളത് ഈ സഭയിൽ പറയണം. പറയുമെന്ന് ഞാൻ വിശ്വസിക്കുന്നു. മുഖ്യമന്ത്രിക്ക് ഈ അഴിമതിയിൽ പങ്കുണ്ടെന്ന് ഞാൻ പറയുന്നില്ല. ഇവിടെ ഇപ്പോൾ വലിയ ചർച്ചയല്ലേ നടന്നുകൊണ്ടിരിക്കുന്നത്? എല്ലാപേരും വളരെ തകൃതിയായിട്ട് ചർച്ച നടത്തുകയല്ലേ? എന്തെല്ലാമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്? വലിയ വലിയ അഴിമതി ആരോപണങ്ങൾ മാർക്സിസ്റ്റ് പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിരിക്കുന്നു, മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ എല്ലാം അടിച്ചുമാറ്റിയിരിക്കുന്നു എന്നാണ്. ശ്രീ. എം. എം. ഹസ്സൻ, കായംകുളം മെമ്പർ പറഞ്ഞത്, ബോഫോഴ്സിനേക്കാളും വലിയ അഴിമതി നടത്തിയിരിക്കുന്നവർ എന്നാണ്. അന്വേഷണം നടത്ത്. ആരും അതിന് എതിരല്ല. അന്വേഷണം നടത്തി കയ്യാമം വയ്ക്കു. നമ്മുടെ കയ്യിൽ കയ്യാമം വയ്ക്കാനുള്ള ഒരവസരം കിട്ടിയാൽ ശ്രീ. എം. എം. ഹസ്സൻ വിടുമോ? നാല് കൊല്ലം മന്ത്രിയായിരുന്നു. പ്രത്യേകിച്ച് വകുപ്പൊന്നുമില്ലായിരുന്നല്ലോ; പ്രത്യേകിച്ച് ജോലിയൊന്നുമില്ലായിരുന്നല്ലോ. ഇത് അങ്ങ് ഏറ്റെടുത്ത് നടത്തിക്കാമായിരുന്നല്ലോ. ശ്രീ. എ. കെ. ആന്റണിയുടെകൂടെ വലംകൈയായിട്ടിരുന്ന് അദ്ദേഹത്തെ പാരവച്ച് ഇപ്പോൾ ശ്രീ.ഉമ്മൻചാണ്ടിയുടെകൂടെ കൂടിയിട്ടുണ്ടല്ലോ. ഇരിക്കട്ടെ. സമയക്കുറവുകൊണ്ട് ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. എങ്ങനെയാണ് പുകമറ സൃഷ്ടിക്കുന്നത്.....(ബഹളം)..... എന്തിനുവേണ്ടിയാണ് പുകമറ സൃഷ്ടിക്കുന്നത്? ഞാൻ എഴുതിക്കൊടുത്തതാണ് കുട്ടാ. എന്നെ പറയാൻ അനുവദിക്കു. പുകമറ സൃഷ്ടിക്കുന്നതിന് പിന്നിൽ ഞാൻ മുഖ്യമന്ത്രിയെ പ്രതിസ്ഥാനത്ത് നിർത്തുന്നു.....(ബഹളം)..... മുഖ്യമന്ത്രിയും ശ്രീ. ആര്യാടൻ മുഹമ്മദുംകൂടി നടത്തുന്ന അതിരപ്പിള്ളി കച്ചവടത്തിന്റെ കഥ നാട്ടുകാർ അറിയാതിരിക്കാൻ വേണ്ടിയല്ലേ ഈ പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. ഇതാ പുതിയ റിപ്പോർട്ട്, കണ്ടുപിടിത്തമല്ല. ഞാൻ രേഖവച്ചുകൊണ്ടാണ് പറഞ്ഞത്. അതിരപ്പിള്ളിയുടെ റിപ്പോർട്ട്. എന്താണ് സ്ഥിതിയെന്നോ? ഫിനാൻഷ്യൽ പാക്കേജിന്റെ അടിസ്ഥാനത്തിൽ escalation ആവശ്യപ്പെടാതെ 414.22 കോടി രൂപ എല്ലാ വർദ്ധനവും പ്രതീക്ഷിച്ചുകൊണ്ട് H.C.C. 2000-ൽ ആവശ്യപ്പെട്ടു. ഇതിൽതന്നെ 50 ലക്ഷം രൂപ ഡിസ്ക്കൗണ്ട് സമ്മതിച്ച് 413.72 കോടി രൂപയ്ക്കാണ് 2000-ൽ കെ.എസ്.ഇ.ബി. അവാർഡ് ചെയ്തത്. പുറകിൽ ഇരിക്കുന്നുണ്ടല്ലോ ശ്രീ. കടവൂർ ശിവദാസനോട് ചോദിക്കു. പറഞ്ഞുകൊടുക്കണം. ക്ളിഫ് ഹൗസിൽ വച്ച് ഇതൊന്നും പറഞ്ഞുകാണില്ല. കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചത് 2005-ൽ ആണല്ലോ. 2005-ൽ എന്താണ് H.C.C. ആവശ്യപ്പെട്ടിരിക്കുന്നത്? 598.97 കോടി രൂപയാണ്, അതായത് 185.25 കോടി രൂപ കൂടുതൽ. ഞാൻ സമയക്കുറവുകൊണ്ട് കൂടുതലായി പറയുന്നില്ല. സിവിൽ വർക്കിന് പറഞ്ഞിരിക്കുന്നത് ലേബറിന് 25 ശതമാനം, സിമെന്റിന് 15 ശതമാനം, സ്റ്റീലിന് 22 ശതമാനം, ഫ്യൂവലിന് 5 ശതമാനം, പവറിന് 5 ശതമാനം, ബാലൻസ് ഐറ്റം 28 ശതമാനം. മെക്കാനിക്കൽ വർക്കിനോ ലേബറിന് 40 ശതമാനം, Iron & Steel 60 ശതമാനം. ഇലക്ട്രിക്കൽ വർക്കിന് ലേബർ 40 ശതമാനം, Iron & Steel 50 ശതമൗനം, കോപ്പർ, ബ്രാസ് 10 ശതമാനം. Escalation അംഗീകരിച്ചാൽ എത്ര വരും? 1000 കോടി രൂപ. എന്താണ് നിങ്ങൾ തള്ളിക്കളയാത്തത്? സാധനം കൈയിൽ കിട്ടിയിട്ട് എത്ര മാസമായി? എന്താണ് തള്ളിക്കളഞ്ഞിട്ട് ഗ്ളോബൽ ടെന്റർ വിളിക്കാത്തത്? 100 കോടി രൂപ വാങ്ങി പോക്കറ്റിൽ വച്ചില്ലേ? കേരളാ ഹൗസിൽ ഗൂഢാലോചന നടക്കുമ്പോൾ ബോംബെയിലും മദ്രാസിലും അതുപോലെ കേരളത്തിലെ പല സ്ഥലത്തുംവച്ച് ചർച്ചകൾ നടത്തുന്നത് മാലോകർ അറിയാതിരിക്കാൻ വേണ്ടിയല്ലേ, ഈ രാഷ്ട്രീയ ഗൂഢാലോചന നടത്തുന്നത്. ഈ കണ്ടീഷൻ നൂറ്റിഎൺപത്തിയഞ്ചുകാൽ കോടി രൂപയുടെ അടങ്കൽ വർദ്ധനവും escalation ചോദിക്കുന്ന പദ്ധതി ആയിരം കോടി രൂപയ്ക്ക് കൊടുക്കില്ലെന്നും ഗ്ളോബൽ ടെന്റർ

LIBRARY ARCHIVES Kerala Legislative Assembly

വിളിക്കുമെന്നും പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങൾക്ക് ചങ്കുറപ്പുണ്ടോ? ഈ സഭയിൽ ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. അഴിമതിയെന്നു കേട്ടാൽ ധമനികളിൽ രക്തം തിളയ്ക്കുന്ന ആളാണ് എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. അദ്ദേഹമാണല്ലോ എല്ലാത്തിന്റേയും അഴിമതി കൊണ്ടു വരുന്നയാൾ. അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിലെ ഒരു ചെറിയ കാര്യം പറഞ്ഞിട്ട് വലിയ കാര്യത്തിലേയ്ക്ക് കടക്കാം. ഞാൻ അത് അദ്ദേഹത്തിനുതന്നെ എഴുതിക്കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിലെ സ്ഥലംമാറ്റത്തിന്റെ കാര്യം ആദ്യം അപേക്ഷയായി എഴുതിക്കൊടുത്തു. ഇന്ന് വാട്ടർ അതോറിറ്റി ഭരിക്കുന്നത് ഒരു അമ്മ മഹാറാണിയും ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥനുമാണ്. അവിടെ മന്ത്രിക്ക് ഒരു കാര്യവുമില്ല. സ്ഥലംമാറ്റമാണ ഇപ്പോൾനിത്യചെലവിനായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഒരു കോടി രൂപ എക്സി ക്യൂട്ടീവ് എഞ്ചിനീയർ മുതൽ താഴോട്ടുള്ളവരുടെ സ്ഥലംമാറ്റത്തിന്.....(ബഹളം) ..... അതിനകത്ത് എന്താണ് വന്നതെന്നോ? ഞാൻ എഴുതിക്കൊടുത്തു. കൂടുതലായിട്ടൊന്നും ഞാൻ പറയുന്നില്ല. രണ്ട് ഉദാഹരണം മാത്രം ഞാൻ പറയാം. വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റത്തിന് കക്ഷിയും രാഷ്ട്രീയവും ജാതിയും മതവും ഉണ്ടെന്ന് എനിക്ക് പരാതിയില്ല. അമ്മമഹാറാണിയെ കണ്ട് പാദസേവ നടത്തി പണം കൈയിൽ കൊടുത്താൽ ഉടൻ ട്രാൻസ്ഫർ റെഡി. എന്റെ നിയോജകമണ്ഡലമായ ഹരിപ്പാട് രണ്ട് പേർ ഒരേ യൂണിയനിൽപ്പെട്ടവരാണ്. അത് അങ്ങയുടെ യൂണിയനുമല്ല. അവരിൽ ഒരാൾ ഡ്രാഫ്റ്റ്സ്മാൻ, വിജയമോഹനൻ 25-7-2000-ൽ അവിടെ വന്നു. ഹരികുമാർ 1-7-1997-ൽ അവിടെത്തന്നെ ഡ്രാഫ്റ്റ്സ്മാനായി വന്നു. 1-7-1997-ൽ വന്ന ഹരികുമാറിന് ട്രാൻസ്ഫർ ഇല്ല. 25-7-2000-ൽ വന്ന ആളിനെ ട്രാൻസ്ഫർ ചെയ്തു. അതുമാത്രമല്ല 3-8-2002-ൽ മാവേലിക്കരയിൽ ഒരു വിധവയായ പെൺകുട്ടി, ഉഷാകുമാരിക്ക് പോസ്റ്റിംഗ് കിട്ടി. റൂളിൽ വിധവയ്ക്ക് സംരക്ഷണം ഉണ്ട്. പരിശോധിക്കണമെന്ന് മന്ത്രിക്ക് എഴുതിക്കൊടുക്കുകയും നേരിട്ട് പറയുകയും ചെയ്തല്ലോ. അമ്മമഹാറാണിയെകണ്ട്, ആ ചീഫ് എഞ്ചിനീയറെക്കണ്ട് ചോദിച്ചപ്പോൾ പറഞ്ഞത് എല്ലാവരും എന്നെങ്കിലും വിധവയാകുമെന്നാണ്. മറുപടി മനസ്സിലായോ? മന്ത്രിയുടെ ഓഫീസിൽ നിന്ന് എം.എൽ.എ.-യുടെ കത്ത് ഫോർവേഡ് ചെയ്തപ്പോൾ കിട്ടിയ മറുപടി എല്ലാപേരും എന്നെങ്കിലും വിധവയാകുമെന്നാണ്. ഞാൻ വെറുതെ പറഞ്ഞതല്ലെന്ന് ഈ സഭ അറിയണ്ടേ? ആലപ്പുഴയിലെ സ്ഥിതി എന്താണ്? മന്ത്രി പുറകെ ഇരിക്കുകയല്ലേ? നബീസാ ബീവി 14 വർഷം, കെ.പി. സണ്ണി 14 വർഷം, പ്രീതമോൾ 7 വർഷം, സൂസമ്മ വർഗ്ഗീസ് 6 വർഷം, ബീനാമോൾ അഞ്ചര വർഷം, കെ.എസ്. ചന്ദ്രൻ ആലപ്പുഴ, ശകുന്തള ആലപ്പുഴ, രഘുനാഥൻ ആലപ്പുഴ-8 വർഷം ഇവർക്കൊന്നും സ്ഥലംമാറ്റമില്ല. മൂന്നുവർഷം തികയാത്തവർക്ക് സ്ഥലംമാറ്റം. മൊത്തം കണക്ക് ഞാൻ പറയുന്നില്ല. ഇതെല്ലാം ട്രാൻസ്ഫർ ഓർഡർ ഇറക്കിയതിന്റെ രേഖകളാണ്. ഒരു കോടി രൂപയാണ് ഈ ഇനത്തിൽ വാങ്ങിയിരിക്കുന്നത്. എഴുതിക്കൊടുത്തിട്ട് ഇതൊന്നും പറയാതെ പോയാൽ മോശമല്ലേ? ഇതാണ് സ്ഥിതി. നിത്യചെലവിനു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ഡ്രാഫ്റ്റ്സ്മാൻ വരെയുള്ളവർ ഒരു കോടി രൂപ കളക്ട് ചെയ്തു. മന്ത്രിയുടെ സ്ഥിതി എന്താണ്? മന്ത്രിക്ക് ഇത് നിയന്ത്രിക്കാൻ സാധിക്കുന്നില്ല. അവിടെയാണ് കളി കിടക്കുന്നത്. കാരണം അതിനേക്കാൾ വലിയ കാര്യം മന്ത്രി ഇവരെക്കൊണ്ട് ചെയ്തുവച്ചിരിക്കുകയാണ്. അതുകൊണ്ടാണ് നിത്യചെലവിനുവേണ്ടി ഒരുകോടി രൂപ കൊടുക്കേണ്ടി വന്നത്.....(ബഹളം)..... ഞാൻ പറയാം. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

എം.എ. കുട്ടപ്പൻ, മെമ്പറെ കാണുന്നില്ല. അദ്ദേഹം എന്തൊരു നീതിമാൻ ആയിരുന്നെന്നോ? ജപ്പാൻ കുടിവെള്ളപദ്ധതി വന്നപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൺസൾട്ടൻസിയെ നിയമിക്കുന്നതിന് ഗ്ലോബൽ ടെന്റർ വച്ചിട്ടില്ലായിരുന്നുവെന്നു പറഞ്ഞ് എന്ത് ധാർമ്മികരോഷമായിരുന്നെന്നോ? ഇപ്പോൾ ശ്രീ. കുട്ടപ്പൻ പൊട്ടന്റെ വായിൽ പുട്ടു തിരുകിയതുപോലെ ഇരിക്കുകയാണ്. മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലും ശേഖരൻ നായരുടെ ലേഖനവും വായിച്ചതിനു ശേഷം അദ്ദേഹത്തിന് ഒരു പ്രതികരണവുമില്ല. ഞാൻ ശ്രീ. കുട്ടപ്പനോട് ചോദിച്ചു ഒരു പ്രതികരണവുമില്ലേയെന്ന്. അദ്ദേഹം ചെറിയ ചെറിയ പ്രതികരണങ്ങൾ നടത്തി. അദ്ദേഹം കമ്മിറ്റിയിലൊക്കെ ചില പരാമർശങ്ങൾ നടത്തി. ഒരു ദിവസം രാത്രി ശ്രീ. എം. എ. കുട്ടപ്പന് ഒരു ഫോൺ വന്നു. ഇത് ശ്രീ. സി. പി. മുഹമ്മദ് പറയുന്നതുപോലെയല്ല. ഫോണിന്റെ അങ്ങേതലയ്ക്ക് ഹലോ കുട്ടപ്പൻ എന്നു പറഞ്ഞതോടുകൂടി ശ്രീ. കുട്ടപ്പന് ഒന്നും രണ്ടും കഴിഞ്ഞു. പിന്നെ ശ്രീ. എം. എ. കുട്ടപ്പന്റെ നാവ് പൊങ്ങിയിട്ടില്ല. ഫോൺ വിളിച്ച ആളിന്റെ പേര് ഈ ചർച്ചയുടെ അവസാനം ഞാൻ പറയാം. എന്താണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നടന്നത്? വാട്ടർ അതോറിറ്റിയിൽ ഭരണം നടത്തുന്ന റിട്ടയേർഡ് ഉദ്യോഗസ്ഥനേയും സി.ഇ.-യേയും ഉപയോഗിച്ചു എന്നാണ് മാതൃഭൂമി പത്രത്തിൽ എഴുതിയിരിക്കുന്നത്, ദേശാഭിമാനി പത്രമല്ല എഴുതിയിരിക്കുന്നത്. ശേഖരൻ നായർ പേരുവച്ച് മാതൃഭൂമി പത്രത്തിൽ എഴുതിയിരിക്കുന്നു. 8-4-2005-ലാണ് എഴുതിയിരിക്കുന്നത്. ടെന്റർ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള സമ്മർദ്ദങ്ങൾ ഡൽഹിയിൽനിന്നും കൽക്കട്ടയിൽ നിന്നും ഒരേ സമയത്താണ് തിരുവനന്തപുരത്ത് എത്തുന്നത്, എന്നുമാത്രമല്ല ഡൽഹിയിൽ നിന്ന് രാഷ്ട്രീയ സമ്മർദ്ദമായിരുന്നുവെങ്കിൽ കൽക്കട്ടയിൽ നിന്ന് വ്യവസായ പ്രമുഖരുടെ ഇടപെടലാണുണ്ടായത്. എന്റെ മന്ത്രീ, നിങ്ങൾ അഴിമതിക്കെതിരെ തുള്ളുന്നയാളല്ലേ? ഈ ശേഖരൻ നായർക്ക് ഒരു വക്കീൽ നോട്ടീസെങ്കിലും അയയ്ക്കേണ്ടിയിരുന്നില്ലേ? ഇതുകൊണ്ടും തീരുന്നില്ല കളി. മാതൃഭൂമി പത്രം അടുത്ത ദിവസം എഡിറ്റോറിയൽ എഴുതി 9-4-2005-ൽ. എന്താണ് എഴുതിയിരിക്കുന്നത്? ഈ രാഷ്ട്രീയ അഴിമതി, സാമ്പത്തിക അഴിമതി അതിന് ഗവൺമെന്റ് കൂട്ടുനിൽക്കുന്നു—ആ ടെന്റർ വ്യവസ്ഥയിൽ ഭേദഗതി വരുത്തിക്കൊണ്ട് എന്തൊരു കളി? എല്ലാപേർക്കും ടെന്റർ വിളിച്ചു. അഞ്ച് നഗരങ്ങളിലായി നടക്കുന്ന ശുദ്ധജലവിതരണ പദ്ധതി. അഞ്ച് പാക്കേജുകളിലായല്ലേ നടക്കുന്നത്. ഒന്നും രണ്ടും മൂന്നും പാക്കേജുകൾക്കാണ് ജി.ഐ. പൈപ്പ് വേണ്ടിവരുന്നത്. ഒന്നാമത്തെ പാക്കേജിനുള്ള ഫോം വിതരണം ചെയ്ത്, ടെന്റർ ഫോം വാങ്ങിച്ചവരെ ഏപ്രിൽ 2-ാം തീയതി കൂടിക്കാഴ്ചയ്ക്ക് വിളിച്ചുവരുത്തി. കോൺട്രാക്ടർമാർ അവിടെ വന്നപ്പോഴാണ് അറിയുന്നത് വ്യവസ്ഥ ഭേദഗതി ചെയ്തിരിക്കുന്നു. നിബന്ധനയിൽ മാറ്റം വരുത്തിയെന്ന്. പത്തു വർഷം വരെ പ്രവർത്തന പരിചയമുള്ള കമ്പനികളിൽനിന്ന് പൈപ്പ് വാങ്ങാം. പത്തു വർഷത്തിനു താഴെയാണെങ്കിൽ പദ്ധതിയുടെ നിർമ്മാണ ചെലവിന്റെ 5 ശതമാനം സെക്യൂരിറ്റി നൽകേണ്ടതാണ്. ഈ നിബന്ധന പ്രകാരം പുതിയ കമ്പനികൾക്കുപോലും പങ്കാളികളാകാം. പങ്കാളികൾക്ക് കൂടുതൽ പ്രവർത്തനപരിചയമുണ്ടെങ്കിൽ അതും അംഗീകരിക്കാം; അംഗീകരിച്ചിരിക്കുന്നു. മാർച്ച് 30-ന് പുറത്തിറക്കിയ ഭേദഗതിയിൽ രണ്ടു വർഷമെങ്കിലും പ്രവർത്തന പരിചയമുള്ള കമ്പനികളിൽനിന്നും മാത്രമേ ഈ പൈപ്പ് വാങ്ങാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതല്ലേ ഭേദഗതി? ഇത് ആർക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കിയ ഭേദഗതിയാണ്? പ്രശ്നം രൂക്ഷമായി. അപ്പോൾ അദ്ദേഹം ഒരു കാര്യം ചെയ്തു. ഈ വ്യവസ്ഥ മാറ്റിയതിനെക്കുറിച്ച് പരിശോധിക്കാൻ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തി. രണ്ടാമത്തെ ഭേദഗതിയാണ് എന്റെ കയ്യിലിരിക്കുന്നത്. പേറെടുക്കാൻ ചെന്ന പതിച്ചി ഇരട്ട പ്രസവിച്ചു എന്ന് പറഞ്ഞതുപോലെ ആദ്യത്തേതിനകത്ത് ഉണ്ടായിരുന്ന നിബന്ധന എങ്ങനെ കർക്കശമാക്കി കൊടുക്കാം ആ പരുവത്തിലാക്കി കൊടുത്തില്ലേ? ഇതല്ലേ ചീഫ് സെക്രട്ടറി ചെയ്തത്? ഈ ചീഫ് സെക്രട്ടറിയെ നിയമിക്കാൻ നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ സാമ്പത്തിക അഴിമതി കൈകാര്യം ചെയ്യാൻ ചീഫ് സെക്രട്ടറി ഉൾപ്പെട്ട ഉന്നതാധികാര സമിതിക്ക് കഴിയുമോ? കഴിയില്ല. അതുകൊണ്ടാണ് ചീഫ് സെക്രട്ടറിക്ക് ഈ രൂപത്തിൽ എഴുതേണ്ടി വന്നത്. ഞങ്ങളുടെ പത്രം എഴുതിയത് പോട്ടെ. എന്താണ് മറ്റു പത്രങ്ങൾ എഴുതിയത്? ശേഖരൻ നായർ പേരുവച്ച് മാതൃഭൂമിയിൽ വീണ്ടും എഴുതിയില്ലേ? സത്യം വെളിച്ചത്ത് വന്നപ്പോൾ എന്താണ് നിങ്ങൾ എടുക്കാത്തത്? ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റിയിൽ എന്തു ചെയ്തു? രഹസ്യ അജണ്ട നിങ്ങൾ അവരെക്കൊണ്ട് അംഗീകരിപ്പിച്ചു. നിങ്ങൾ ഉണ്ടാക്കിയ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഇൻഡ്യാ രാജ്യത്ത് മൂന്നു മാനുഫാക്ച്ചറേഴ്സ് മാത്രമേ യോഗ്യരായിട്ടുള്ളു, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ്-ലിസ്റ്റ് ഓഫ് ലൈസൻസീസ്, ലാൻകോ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ആന്ധ്രാ പ്രദേശ്. രണ്ട്, ഗുജറാത്ത് ജിൻഡാൾസ് ലിമിറ്റഡ്, മൂന്ന്, വെസ്റ്റ് ബംഗാൾ ഇലക്ട്രോ സ്റ്റീൽ കാസ്റ്റിംഗ്സ് ലിമിറ്റഡ്. ഈ മൂന്നു കമ്പനികളാണ് ഈ പറയുന്ന ലൈസൻസുള്ള, നിങ്ങളുടെ വ്യവസ്ഥ അനുസരിച്ച് ഇൻഡ്യാ രാജ്യത്തുള്ളത്. മൂന്നാമത്തെ കമ്പനിയുടെ സിസ്റ്റർ കൺസേൺ ആണ് ആന്ധ്രാ പ്രദേശ് കമ്പനി. മൂന്നാമത്തെ കമ്പനിയാണ് ജിൻഡാൾസ്. നിങ്ങൾ ഉണ്ടാക്കിയ ഭേദഗതിയിൽ മാനുഫാക്ച്ചറേഴ്സിന് രണ്ടു വർഷത്തെ പരിചയം. ജിൻഡാൾസ് കമ്പനിയിൽ ജി.എ. പൈപ്പ് ഉദ്ഘാടനം ചെയ്തിട്ട് ആറുമാസമേ ആയിട്ടുള്ളു. എങ്ങനെയിരിക്കുന്നു കളി? കറുത്ത് 5' 5" നീളമുണ്ടായിരിക്കണം. കണ്ണാടി വച്ചിരിക്കണം. താടിയുണ്ടാകണം. വെള്ള ഷർട്ടേ ഇടാവൂ. പക്ഷേ ദേവകുമാർ എന്ന് പേരില്ല. ഈ രംഗത്ത് കോമ്പറ്റീഷൻ ഇല്ല. അത് വളരെ വ്യക്തമല്ലേ? നിങ്ങൾ ഈ കൊടുങ്കാറ്റ് ഉണ്ടാക്കി കോംപറ്റീഷൻ ഒഴിവാക്കി വരുമ്പോൾ ഇലക്ട്രോ സ്റ്റീൽ കാസ്റ്റിംഗ് എന്നു പറയുന്ന സ്ഥാപനമല്ലേ നിങ്ങൾ കോൺട്രാക്ടറായി ഷോർട്ട് ലിസ്റ്റ് ചെയ്തിരിക്കുന്ന ലിസ്റ്റിലുള്ള കമ്പനി. ഇതല്ലേ ഇതിനകത്തുള്ളത്? നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ? നിങ്ങൾ ഉണ്ടാക്കിയതാണല്ലോ ഈ സ്കീം? നിങ്ങളുടെ പാർട്ടിയാണല്ലോ കർണ്ണാടകത്തിൽ ഭരിക്കുന്നത്? എന്താണ് അവിടത്തെ ടേംസ് ആന്റ് കണ്ടീഷൻസ്? അവിടെ കോമ്പറ്റീഷൻ ടെന്റർ ക്ഷണിക്കുകയല്ലേ ചെയ്തത്? അവിടത്തെ ടെന്റർ നോട്ടിഫിക്കേഷനാണ് എന്റെ കയ്യിലിരിക്കുന്നത്. വകുപ്പുമന്ത്രിക്ക് വേണമെങ്കിൽ പരിശോധിക്കാൻ തരാം. ബാംഗ്ലൂർ വാട്ടർ സപ്ലൈ ആന്റ് ബിവറേജസ് കോർപ്പറേഷനിൽ 7 സി.എം.സി.-യും 1 ടി.എം.സി.യും ഉള്ള ഒരു ചെറിയ വർക്ക് ടെന്റർ ചെയ്തു. നിങ്ങൾ വച്ചിരിക്കുന്ന ഈ വ്യവസ്ഥയനുസരിച്ച് കോമ്പറ്റീഷൻ ഇല്ലാതെ അവിടെ വർക്ക് ടെന്റർ ചെയ്തു. നിങ്ങൾ സെലക്ട് ചെയ്ത ആ കുത്തക കമ്പനിയായ ഇലക്ട്രോ സ്റ്റീൽ കാസ്റ്റിംഗ് 2005 മാർച്ചിൽ 182 കോടി രൂപയ്ക്ക് വർക്ക് കോട്ട് ചെയ്തു.

ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്യേണ്ടതില്ല.
(Vide file No. 459/EB/05/Leg. dt. 27-7-2005)

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പരിശോധിച്ചിട്ട് മറുപടി പറഞ്ഞാൽ മതി. അത് നിയമസഭയിൽ പ്രശ്നമായി. ആരോപണമുയർന്നു. കർണ്ണാടക ഗവൺമെന്റ് വാട്ടർ അതോറിറ്റിയെക്കൊണ്ട് വർക്ക് റീ ടെന്റർ ചെയ്യിച്ചു. ഇതേ കമ്പനി കോമ്പറ്റീഷൻ വന്നപ്പോൾ 17 കോടി രൂപ കുറച്ച് 165 കോടി രൂപയ്ക്കാണ് ഈ കൊച്ചു വർക്ക് പിടിച്ചത്. ഡൽഹി ജലബോർഡ് സി.പി.എം. അല്ലല്ലോ ഭരിക്കുന്നത്? വെസ്റ്റ് ബംഗാൾ അല്ലല്ലോ ഡൽഹി ജലബോർഡ് ഭരിക്കുന്നത്? ബാംഗ്ലൂർ വാട്ടർ സപ്ലൈ ബോർഡ് ഭരിക്കുന്നത് ബംഗാൾ അല്ലല്ലോ? ഇത് രണ്ടും ഭരിക്കുന്നത് കോൺഗ്രസ് അല്ലേ? അഴിമതിക്കാരിയായ ജയലളിത. പക്ഷേ ചെന്നൈ മെട്രോ വാട്ടർ സപ്ലൈ ആന്റ് സ്വീവേജ് ബോർഡ് അവിടെ കോമ്പറ്റീഷനാണ്. ഇവിടെ എന്താണ് കോമ്പറ്റിറ്റീവ് ടെന്ററിൽ മാറ്റം വരുത്താതെ നിങ്ങൾ നിയമം ഭേദഗതി ചെയ്തത്? ശ്രീ. വി. ഡി. സതീശൻ പറഞ്ഞല്ലോ എങ്ങാണ്ട് വരാൻപോകുന്ന ടെന്ററിനെക്കുറിച്ചാണ് ഇവിടെ പറയുന്നതെന്ന്. അല്ല. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ്ബിന്റെ കിൻഫ്രാ പാർക്ക് മലപ്പുറം മുസ്ലീം ലീഗിന് സ്വീകാര്യമാണ്. മുസ്ലീം ലീഗിന്റെ വകുപ്പുമന്ത്രി പറയട്ടെ. ശ്രീ. ഇബ്രാഹിം കുഞ്ഞ് പറയട്ടെ. കിൻഫ്രാ പാർക്ക്, മലപ്പുറം വർക്കിന്റെ ടെന്ററിന്റെ കോപ്പിയാണിത്. (കോപ്പി സഭയിൽ ഉയർത്തി കാണിക്കുന്നു.) അവിടെ ജി.ഐ. പൈപ്പിന് കോമ്പറ്റീറ്റീവ് ടെന്റർ അനുവദിച്ചിരിക്കുന്നു. മുസ്ലീം ലീഗിന് സ്വീകാര്യം. കോൺഗ്രസ് (ഐ) ക്ക് സ്വീകാര്യമല്ല. എന്താണ് കാര്യം? മുസ്ലീം ലീഗിന് ഡൽഹിയിൽ രാഷ്ട്രീയ നേതൃത്വമില്ല. അവിടെയാണ് പത്രങ്ങളിൽ വന്ന വാർത്ത ഈ രാഷ്ട്രീയ നേതൃത്വത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നത്. ശ്രീ. ഉമ്മൻചാണ്ടിയും വകുപ്പുമന്ത്രിയും മാത്രമല്ല, കിൻഫ്രാ പാർക്കിൽ യോഗ്യരായവർ വാട്ടർ അതോറിറ്റിയിൽ യോഗ്യരല്ലാത്ത സ്ഥിതി വന്നു. സത്യമല്ലേ? നിങ്ങളുടെ പാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കോമ്പറ്റീറ്റീവ് ടെന്റർ വിളിച്ച് ജി.ഐ. പൈപ്പ് കൊടുക്കുമ്പോൾ കോമ്പറ്റീറ്റീവ് ടെന്റർ കേരളത്തിലില്ല. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി വച്ചല്ലോ? ഇപ്പോൾ ഒരു ഗുണം കൂടി കൊടുത്തു. നേരത്തെ പൈപ്പ് സപ്ലൈ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ വർക്കുമായി ബന്ധപ്പെട്ട മുഴുവൻ സാധനങ്ങളും സപ്ലൈ ചെയ്യാനുള്ള കണ്ടീഷൻ വ്യവസ്ഥയാക്കി വച്ചു. 1,700 കോടി രൂപയുടെ ഈ വർക്ക് ഈ രൂപത്തിൽ കോമ്പറ്റീറ്റീവ് ടെന്റർ ഒഴിവാക്കി മുഴുവൻ സാധനങ്ങളും വാങ്ങാൻ കുത്തക കമ്പനിക്ക് സഹായം ഉണ്ടാക്കിക്കൊടുക്കാൻ തീരുമാനിച്ചത് ഡൽഹിയിൽ ഹൈക്കമാന്റുള്ള ഒരു പാർട്ടിയുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ ഇടപെടൽ ആണെന്ന സത്യം പകൽപോലെ തെളിഞ്ഞില്ലേ? ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുംകൂടി ചേർന്നു. മാത്രമല്ല, ശ്രീ. കുട്ടപ്പന്റെ ഫോണിൽ മറുതലയ്ക്കൽ വന്ന ഒരു പേരുണ്ടല്ലോ * * *

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നേരത്തെ അപ്പുറത്തുനിന്നും കുറെ മെമ്പർമാർ സി.പി.ഐ.(എം.) ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനെതിരെ തുടർച്ചയായിട്ട് പേര് ഉദ്ധരിച്ചു പറഞ്ഞു. അതൊന്നുംതന്നെ രേഖയിൽ നിന്നും നീക്കം ചെയ്തിട്ടില്ല. മാത്രമല്ല എനിക്ക് പറയാനുള്ളത്, ഇത് ലൈവ് ആയിട്ട് കാണിച്ചു കൊണ്ടിരിക്കുകയാണ്. രാജ്യം മുഴുവൻ കേട്ടിരിക്കുകയാണ്. ഇത് രേഖയിൽനിന്നും നീക്കം ചെയ്തു എന്ന് പറഞ്ഞതുകൊണ്ട് എന്താണ് കാര്യം? ശ്രീ. പിണറായി വിജയനെതിരായിട്ട് മുഴുവൻ കാര്യങ്ങളും ഇവിടെ പറഞ്ഞു കഴിഞ്ഞു. അഹമ്മദ് പട്ടേലിനെപ്പറ്റി ആരോപണമല്ല ഇവിടെ ഉന്നയിച്ചത്. അദ്ദേഹം ഇടപെട്ടു എന്നുള്ള കാര്യമാണ് പറഞ്ഞത്. അതുകൊണ്ട് ഇത് പരിശോധിച്ചിട്ട് മാത്രമേ ചെയ്യാൻ പാടുള്ളൂ.

മി. സ്പീക്കർ: മി. ദേവകുമാർ വളരെ മിടുക്ക് കാണിച്ചത് എനിക്ക് മനസ്സിലായി. തുടക്കത്തിലേ പറയാൻ കഴിയില്ല എന്നുള്ളതുകൊണ്ട് സമാപനം അതാക്കി. അത് എനിക്ക് മനസ്സിലാകുന്നു. പിന്നെ ഒരു കാര്യം ആരോപണങ്ങളുടെ പെരുമഴകൊണ്ട് ജനങ്ങളിൽ വിശ്വാസ്യത കുറയ്ക്കാനേ ഇന്നത്തെ ആരോപണ പ്രത്യാരോപണങ്ങളിൽ സാധിച്ചിട്ടുള്ളൂ. അത് വളരെ വ്യക്തമാണ്. പിന്നെ സഭയിൽ ഇല്ലാത്ത ശ്രീ. അഹമ്മദ് പട്ടേലിനെപ്പറ്റി പറഞ്ഞ പരാമർശം നിയമസഭാരേഖയിൽ ഉണ്ടാവില്ല.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2005 ജൂലായ് മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly